# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3826** **19.03.2018-ൽ മറുപടിക്ക്**

## സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള കേന്ദ്രഫണ്ട് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന്റെ അറിയിപ്പ് ലഭ്യമായിട്ടുണ്ടോ; | എ) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച തുകയിൽ നിന്നും കുറഞ്ഞ തുക അനുവദിക്കുന്നതായി അറിയിച്ചിട്ടുണ്ട്. |
| ബി) സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതിക്കായി ഈ അദ്ധ്യായന വർഷം എത്ര കോടിയുടെ പ്ലാനാണ് കേന്ദ്രം അംഗീകരിച്ചതെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാനവിഹിതവും എത്ര വീതമാണെന്നും അറിയിക്കുമോ ? | ബി) **564.73** കോടി രൂപയുടെ പ്ലാനാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത്. അംഗീകരിച്ച തുകയുടെ **60** ശതമാനമായ **338.83** കോടി രൂപ (മുന്നൂറ്റി മുപ്പത്തി എട്ട് കോടി എൺപ്പത്തി മൂന്ന് ലക്ഷം രൂപ) കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ടിയിരുന്നുവെങ്കിലും **136.79** കോടി രൂപ (നൂറ്റിമുപ്പത്തിആറ് കോടി എഴുപത്തി ഒൻമ്പത്ത് ലക്ഷം രൂപ) മാത്രമാണ് ലഭിച്ചത്. സംസ്ഥാന വിഹിതമായ **40** ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ചുകൊണ്ടിരിക്കുകയാണ്. നാളിതുവരെയായി **126.35** കോടി രൂപ (നൂറ്റി ഇരുപത്തിയാറ് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപ) ലഭിച്ചിട്ടുണ്ട്. കൂടാതെ **4.50** കോടി രൂപ (നാല് കോടി അമ്പത് ലക്ഷം രൂപ ) ബഡ്ജറ്റ് വിഹിതമായും ലഭിച്ചു. |

സെക്ഷൻ ഓഫീസർ